# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 966 | 06.06.2018-ൽ മറുപടിയ്ക്ക്

## വനസംരക്ഷണ സമിതി പ്രവർത്തകരുടെ വേതനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **ടൂറിസം മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന വനസംരക്ഷണ സമിതി പ്രവർത്തകരുടെ വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവിറക്കി യിട്ടുണ്ടോ;** | എ) ഇല്ല |
| ബി) **ഇല്ലെങ്കിൽ ഉത്തരവിറക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;** | ബി) ഇക്കോ ടൂറിസം മേഖലകൾ , വന സംരക്ഷണ സമിതി (VSS)/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) കളുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. ഇവിടെ നിയോഗിച്ചിട്ടുള്ള ഗൈഡുകൾക്ക് പ്രതിഫലം നൽകുന്നതും VSS / EDC കൾ ആണ്. ഓരോ സമിതിക്കും ഇക്കോ ടൂറിസത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമിതികളാണ് ഇവർക്കുള്ള പ്രതിഫലം നിശ്ചയിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ ഏകീകൃത പ്രതിഫല നിരക്ക് നിശ്ചയിക്കാനാവില്ല. VSS / EDC കളുടെ വരുമാന പരിധിയിൽ നിന്നുകൊണ്ട് പരമാവധി പ്രതിഫലം നൽകാൻ VSS / EDC കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ VSS / EDC എന്നിവിടങ്ങളിൽ നൽകിക്കൊണ്ടിരുന്ന ദിവസ വേതനം 100 രൂപ പ്രതിദിനം എന്ന കണക്കിൽ വർദ്ധിപ്പിച്ചു നൽകാൻ ഇതുമായി ബന്ധപ്പെട്ട യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതും അത് പ്രകാരം നടപ്പിലാക്കിവരികയുമാണ് |
| സി) **പുതുതായി നിശ്ചയിക്കുന്ന കൂലി നിരക്കുകൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?** | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ